**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2870** **18-03-2022 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയുടെ പ്രവർത്തന സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തന സംവിധാനം അപേക്ഷകർക്ക് കൂടുതൽ സൗകര്യപ്രദമാകും വിധം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തന സംവിധാനം നിലവിൽ ഓൺലൈനായാണ് പ്രവർത്തിച്ചുവരുന്നത്. ആയത് പട്ടികജാതി ക്കാരായ അപേക്ഷകർക്ക് സൗകര്യപ്രദമാണ്. പട്ടികവർഗ്ഗക്കാരായ അപേക്ഷകർക്കും അപേക്ഷ നൽകുന്നതിനുള്ള സംവിധാനം കൂടുതൽ സൗകര്യ പ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഓൺലൈനായി നൽകുന്ന അപേക്ഷകൾ ഓൺലൈനായി തന്നെ പരിശോധിച്ച് അർഹമായ ധനസഹായം അനുവദിക്കാവുന്ന രീതിയിൽ സി.എം.ആർ.ഡി.എഫ്. മാതൃകയിൽ പരിഷ്കരിച്ച സോഫ്റ്റ്വെയർ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് സി.എം.ആർ.ഡി.എഫ് മാതൃകയിൽ പരിഷ്കരിച്ച സോഫ്റ്റ് വെയർ ഉപയോഗിച്ച് ഉചിതമായ മാറ്റങ്ങൾ വരുത്തുന്നത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ ഓൺലൈനായി തന്നെ പരിശോധിച്ച് അർഹമായ ധനസഹായം അനുവദിക്കുന്നതിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതി വികസന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ അപേക്ഷകർ നേരിട്ടോ ജനപ്രതിനിധികൾ മുഖേനയോ എത്തിക്കുന്ന അപേക്ഷകൾ പ്രസ്തുത ഓഫീസുകളിൽ നേരിട്ട് തന്നെ സ്വീകരിച്ച് ഓൺലൈൻ സംവിധാനത്തിലേക്ക് അപ്‌ലോഡ് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | അപേക്ഷകർ നൽകുന്ന ഫോൺ നമ്പർ മുഖേന അപേക്ഷയുടെ സ്റ്റാറ്റസ് അറിയിക്കുന്നതിനുള്ള | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് നിലവിൽ ഡി.ആർ.എഫ് |

| | | | |
|---|---|---|---|
| | സംവിധാനമൊരുക്കുമോ? | | മുഖേനയാണ് അപേക്ഷകളുടെ സ്റ്റാറ്റസ് അറിയുന്നത്. ഫോൺ നമ്പർ മുഖേന അപേക്ഷയുടെ സ്റ്റാറ്റസ് അറിയിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ